# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

കെട്ടിടനിർമ്മാണ ചട്ടം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *149** 06.03.2017- ൽ മറുപടി പറയേണ്ടത്

| | ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>,, അനൂപ് ജേക്കബ്<br>,, എൽ ദോസ് കുന്നപ്പിള്ളി | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും വെവ്വേറെ കെട്ടിടനിർമ്മാണ ചട്ടം കൊണ്ടു വരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലെയും, മുനിസിപ്പാലിറ്റികളിലെയും, പഞ്ചായത്തുകളിലെയും സ്ഥിതി വിശേഷം വ്യത്യസ്തങ്ങളായതിനാൽ, ഓരോന്നിനും പ്രത്യേകം ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്; | (ബി) & (സി) | കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി നഗരസഭകളിൽ ഓൺ ലൈൻ ആയി അപേക്ഷ സ്വീകരിക്കുവാൻ 'സങ്കേതം' എന്ന സോഫ്റ്റ് വെയർ IKM മുഖേന വികസിപ്പിച്ചിട്ടുണ്ട്. ആയത് പഞ്ചായത്തുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ ഓൺ ലൈനായി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (ഡി) | കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന് | (ഡി) | 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 148 പ്രകാരവും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 157 പ്രകാരവും നിയമവിരുദ്ധമായ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും അവ സംബന്ധിച്ച റിപ്പോർട്ട് |

| | | | |
|---|---|---|---|
| | എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | | നൽകുന്നതിനുമായി ഓരോ ജില്ലയിലും ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം രൂപീകൃതമായിട്ടുള്ള സ്ക്വാഡ് അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ ഇത്തരത്തിലുള്ള ലംഘനങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ആയത് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) മുഖേന അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ